(ഡി) ഗവണ്മെൻറിന്റെ ചെലവും സ്ഥലം എടുക്കണമെന്നുള്ള ഗവണ്മെൻറിന്റെ നയവും സംബന്ധിച്ചു ഇതിനു് ഇതു വിപരീതമാകയാൽ ഗവണ്മെൻറ അപേക്ഷ നിരസിച്ചു. വീണ്ടും ഒരേക്കർ അഞ്ചു സെൻറ സ്ഥലം ഇതിനു വേണമെന്നു് കൗൺസിലിലെ ചെയർമാനും ഒന്നാം രണ്ടു മെംബറന്മാരും ചേർന്നു് നേരിട്ടു് നിവേദനം നടത്തിയിട്ടുണ്ടു്. അതനുസരിച്ചു് മുനിസിപ്പാലിറ്റിയുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടു്.

ശ്രീ. ആർ. പ്രകാശം : രണ്ടാമത്തെ പഞ്ചവത്സര പദ്ധതിയിൽ ഇതു് ഉൾപ്പെടുത്തുന്നതാണെന്നു് പറഞ്ഞിട്ടുണ്ടു്. അതു് എന്താണെന്നു് വിശദമായി പ്രസ്താവിച്ചാൽ കൊള്ളാം.

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇൻഡ്യാഗവണ്മെൻറിൽ നിന്നും ഈ ആവശ്യത്തിലേക്കു് പണം അനുവദിച്ചുതരിയാണെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ ഓരോ മുനിസിപ്പാലിറ്റിക്കും വീതിച്ചുകൊടുക്കും.

ശ്രീ. ആർ. പ്രകാശം : മുനിസിപ്പാലിറ്റികൾ ഇല്ലെങ്കിൽ ആർക്കു് കൊടുക്കും ?

ശ്രീ. കെ. കൊച്ചുകുട്ടൻ : പഞ്ചായത്തുകൾക്കു് കൊടുക്കും.

ശ്രീ. പി. കെ. ചാത്തൻ : പണം നൽകുന്നതു സംബന്ധിച്ചു് ആക്ഷേപങ്ങൾ ഉണ്ടാകാതെയിരിക്കുവാൻ വേണ്ടി ഈ സഭയിൽനിന്നും നിയമിച്ച ഒരു കമ്മിറ്റിയെ ഇതിനായി നിയമിക്കാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതിന്റെ ആവശ്യം ഇല്ല. പണം ഇൻഡ്യാ ഗവണ്മെൻറിൽനിന്നു് ലഭിക്കുകയാണെങ്കിൽ മാത്രമേ എന്തെങ്കിലും നടപടി സ്വീകരിക്കേണ്ട ആവശ്യം ഉള്ളൂ.

ശ്രീ. സി. എ. മാത്യു : ഒരു ചെറിയ തോതിലെങ്കിലും എല്ലാ സ്ഥലത്തും കളിസ്ഥലങ്ങൾ ഉണ്ടാക്കാൻ ശ്രമിക്കുമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഗവണ്മെൻറിനു് ആഗ്രഹമുണ്ടു്. പക്ഷെ അതു് എത്രകണ്ടു് സാദ്ധ്യമാകുമെന്നു് അറിഞ്ഞുകൂടാ.

ശ്രീ. എൻ. പരമേശ്വരൻപിള്ള : വളരെ പ്രധാനപ്പെട്ട സ്ഥലമായ ചങ്ങനാശ്ശേരിയിൽ ഒരു കളിസ്ഥലം അനുവദിക്കാമോ ?

MR. SPEAKER: I cannot allow questions relating to local matters.

ശ്രീ. പി. കെ. ചാത്തൻ : ഓരോ സ്ഥലത്തും ഓരോരുത്തർ അപേക്ഷിക്കുന്നതുവരെ കാത്തിരിക്കാതെ ഗവണ്മെൻറുതന്നെ ഇതിന്റെ ആവശ്യകതയെ പ്രമാണിച്ചു് നടപടി എടുക്കാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ . ഇതൊക്കെ ഇൻഡ്യാ ഗവണ്മെൻറിന്റെ ധനസഹായത്തെ അപേക്ഷിച്ചിരിക്കുകയാണു്.

പ്രൈമറി സ്കൂളുകൾ

* 518. [13] ശ്രീ. യു. നീലകണ്ഠൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്തുള്ള ആകെ പ്രൈമറി സ്കൂളുകൾ എത്ര; ഒന്നാം ക്ലാസ്സിൽ പ്രവേശിപ്പിക്കാവുന്ന കുട്ടികൾ എത്ര ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വേണ്ടത്ര സ്ഥലസൗകര്യവും സ്റ്റാഫും ഇല്ലാത്തതുകൊണ്ട് 65-ൽ കൂടുതൽ കുട്ടികൾ പഠിക്കുന്ന അനവധി വിദ്യാലയങ്ങൾ ഈ രാജ്യത്തുണ്ടോ ;

(സി) ഇതു് പരിഹരിക്കാൻ സർക്കാർ എടുത്തിട്ടുള്ള നടപടികൾ എന്തെല്ലാം ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഈ സംസ്ഥാനത്തു് ആകെ 4259 പ്രൈമറി സ്കൂളുകൾ ഉണ്ടു്. ഒരു ക്ലാസ്സിൽ പ്രവേശിപ്പിക്കാവുന്ന കുട്ടികളുടെ എണ്ണം 55 ആണു്.

(ബി) 65-ൽ കൂടുതൽ കുട്ടികൾ പഠിക്കുന്ന ക്ലാസ്സുകൾ ഇല്ല.

(സി) ഉദിക്കുന്നില്ല.

ശ്രീ. യു. നീലകണ്ഠൻ : 55-ൽ കൂടുതൽ കുട്ടികൾ പഠിക്കുന്ന ക്ലാസ്സുകൾ ഉള്ള വിദ്യാലയങ്ങൾ ഉണ്ടോ എന്നു് അന്വേഷിക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : 55 പോലും പാടില്ല. സ്ഥലസൗകര്യം ഇല്ലാത്തതുകൊണ്ടും കുട്ടികൾ പഠിക്കുവാനായി വളരെ ദൂരെ വരുന്നതുകൊണ്ടുമാണു് 55 എന്നു് കണ്ടുപിടിച്ചിട്ടുള്ളതു്. അതിലും കൂടുതൽ ഉള്ളതായി അറിവില്ല.

ശ്രീ. പി. നാരായണൻപോറ്റി : ക്ലാസ്സിൽ കൂടുതൽ കുട്ടികളെ പ്രവേശിപ്പിച്ചതിന്റെ ഫലമായി ഏതെങ്കിലും അദ്ധ്യാപകന്റെ ശമ്പളം തടഞ്ഞുവച്ചിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : 55 കുട്ടികളിൽ കൂടുതൽ പ്രവേശിപ്പിക്കാൻ പാടില്ലെന്നാണു് നിയമം. അങ്ങനെ പ്രവേശിപ്പിച്ചിട്ടുണ്ടെങ്കിൽ ശിക്ഷയ്ക്കു് വിധേയനാണു്.

ശ്രീ. പി. നാരായണൻപോറ്റി : അതു് അദ്ധ്യാപകന്റെ കുറ്റമാണോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അദ്ധ്യാപകന്റെ കുറ്റമല്ല എങ്കിൽ അദ്ധ്യാപകനെ ശിക്ഷിക്കുകയില്ല.

ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി : പ്രൈമറി സ്കൂളുകളിലെ പാഠപദ്ധതി അനുസരിച്ചു് നടത്തുന്ന മറ്റു സ്കൂളുകൾ ഉണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അറിഞ്ഞുകൂടാ.

ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി : പിന്നാക്കസമുദായക്കാർ നടത്തുന്ന പയ്യ സ്കൂളുകൾ അങ്ങനെയുള്ളതാണെന്നു് അറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആയിരിക്കാം.

ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി : അങ്ങനെയാണെങ്കിൽ പ്രൈമറി സ്കൂളുകളെപ്പോലെതന്നെ പയൽ സ്കൂളുകളുടെയും സ്റ്റാൻഡേർഡു് ഉയർത്തേണ്ടതു് അല്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതേപ്പറ്റി ആലോചിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly